(ഇ) അതുകളിൽ ബഞ്ചുകോട്ട് വിധികർം അസ്ഥിരപ്പെടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിൽ ഓരോ കോട്ടിൽ എത്രവീതം ഉണ്ട്?

രാമവമ്മതമ്പുരാൻ: (എ)—(ഇ)* ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

SUGAR—AVAILABILITY OF AT TRICHUR

18. Mr. M. K. Devassy *(Adur)*: Will Government be pleased to state.—

(*a*) whether it is aware that sugar is not available at Trichur at the controlled rates now;

(*b*) whether the Government has any idea of the stock of sugar at Trichur now; and

(*c*) whether the Government has insisted upon filing any statement of the stock of sugar with the merchants in the State?

Mr. A. Madhava Prabhu *(Commissioner of Civil Supplies)*:

(*a*) No.

(*b*) Yes.

(*c*) Yes.

FAILURE OF ELECTRIC LIGHTS—NEMMARA—PARTICULARS OF

19. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൫൭ എടവം ൧൪-ാംനു-ക്കുശേഷം ൧൯൫൮ ചിങ്ങം ൧൪-ാംനു-ക്കകത്തു നെമ്മാറയിൽ ആകെ എത്ര ദിവസം വിദ്യുദീപം കത്താതിരുന്നിട്ടുണ്ടെന്നു പറയാമോ;

(ബി) ഓരോ പ്രാവശ്യവും എത്രയെത്ര ദിവസം തുടച്ചയായി അവിടെ വിളക്കില്ലാതിരുന്നിട്ടുണ്ടു?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) ൧൧ ദിവസം.

(ബി) ൧൯൫൭ ൭ എടവം ൨൩-ാംനു- മുതൽ ൧൯൫൭ എടവം ൨൬-ാംനു-വരെ ൪ ദിവസം. ൧൯൫൭ ൭ എടവം ൨൭-ാംനു- ൧ ദിവസം. ൧൯൫൭ ൭ മിഥുനം ൨-ാംനു-മുതൽ ൧൯൫൭ മിഥുനം ൫-ാംനുവരെ ൪ ദിവസം. ൧൯൫൭ ൭ കർക്കടകം ൪ ൧൦-ാംനു-മുതൽ ൧൯൫൭ ചിങ്ങം ൧-ാംനുവരെ ൨ ദിവസം.

മിസ്റ്റർ സി. കെ. നായർ: തുടച്ചയായി വിളക്കു കത്താത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അവിടെ രണ്ടു് എഞ്ചിൻമാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു എഞ്ചിനു വലുതായ കേടുപറ്റി. അതുകൊണ്ടു് വേറെ ഒരു എഞ്ചിൻ കൊണ്ടുവന്നു വെക്കുന്നതുവരെ ഇങ്ങിനെചില തടസ്സങ്ങൾകൊണ്ടു് ലൈറ്റു കിട്ടാതെ വന്നിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ: ഇനി തുടച്ചയായി വിളക്കു കിട്ടുമായിരിക്കും.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു തീർച്ചപറയുവാൻ തരമില്ല. ഇപ്പോഴുള്ളതു് പഴയ എഞ്ചിനുകളാണു്. പുതിയതു കിട്ടുവാൻ മാർഗ്ഗമില്ല. പുതിയതു കിട്ടുവാൻ വേണ്ടി ഞാൻ ഉത്സാഹിച്ചുവരുന്നുണ്ടു്.

മിസ്റ്റർ സി. കെ. നായർ: പ്രത്യേകിച്ചും മണ്ണെണ്ണ കിട്ടാതെ വളരെ ബുദ്ധിമുട്ടേണ്ടിയിരിക്കുന്നു. മാത്രമല്ല ഉള്ള വിളക്കുകൾപോലും ഉപയോഗിക്കാതെ തുരുമ്പുപിടിച്ചുപോയിട്ടുണ്ടു്. അതുകൊണ്ടു് ഇനി തുടച്ചയായി വിളക്കു് കിട്ടാതിരുന്നാൽ വളരെ കഷ്ടമാണു്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കഴിയുന്നതും അതിലേക്കു വേണ്ടതു ചെയ്തുവരുന്നുണ്ടു്.

SUPPLY OF WATER TO BRITISH LANDS FROM THE CHITTUR IRRIGATION WORKS—PARTICULARS REGARDING

20. മിസ്റ്റർ സി. കെ. നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) സർക്കാരിൽനിന്നു ചിറ്റൂർ അണക്കെട്ടിലെ വെള്ളം കൊടുത്തു തുടങ്ങിയ കാലത്തു വെള്ളം കിട്ടിയിരുന്ന ബ്രിട്ടീഷു് പ്രദേശങ്ങളിൽ വാർത്തുവിത നടപ്പുണ്ടായിരുന്നുവോ;

*Appendix I.

LIBRARY ARCHIVES Kerala Legislative Assembly